# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.78** — **27/02/2017-ന് മറുപടിക്ക്**

## പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധി

**ചോദ്യം**
ശ്രീ.അനിൽ അക്കര

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) | 31.12.2016 മുതൽ 29.06.2017 വരെയുള്ള കാലയളവിൽ 3(മൂന്ന്) വർഷം കാലാവധി പൂർത്തിയാക്കി കാലഹരണപ്പെടുന്നതും നാളിതുവരെ കാലാവധി നീട്ടി നൽകിയിട്ടില്ലാത്തതുമായ ലിസ്റ്റുകളുടെ കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 30.06.2017 വരെ (പരമാവധി 6 മാസം) ദീർഘിപ്പിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് സമരം നടത്തിയശേഷമാണോ ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ ; | (ബി) | 28.12.2016 ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ പി.എസ്.സി. യോട് ശിപാർശ ചെയ്തിരുന്നു. |
| (സി) | ഇത്തരത്തിൽ ലിസ്റ്റ് ദീർഘിപ്പിക്കുന്നതുമൂലം എത്ര ഉദ്യോഗാർത്ഥികൾക്ക് അധികമായി ജോലി നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (സി) | റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നത്. |

Ranjith RR
സെക്ഷൻ ഓഫീസർ